# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1376 — 04.02.2019 -ൽ മറുപടിക്ക്

## റാന്നി മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയ ഒന്നാമത്തെ ബ്ലോക്കിൽ സ്ഥലം അനുവദിച്ചിട്ടും പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാത്ത സർക്കാർ ഓഫീസുകൾ ഏതൊക്കെയാണ്; ഓഫീസുകൾ മാറ്റാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) റാന്നി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല. റാന്നി സബ് രജിസ്ട്രാർ ഓഫീസിന് അനുവദിച്ച സ്ഥലം അപര്യാപ്തമായതിനാലാണ് പ്രവർത്തനം മാറ്റാത്തത്. |
| (ബി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ സ്ഥലസൗകര്യം നൽകിയിട്ടും മാറിയിട്ടില്ലാത്ത ഓഫീസുകൾക്ക് പ്രതിമാസം വാടകയിനത്തിൽ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഓഫീസുകൾ ഇവിടേക്ക് മാറ്റാൻ താല്പര്യമില്ലെങ്കിൽ പ്രസ്തുത സ്ഥലം മറ്റ് സർക്കാർ ഓഫീസുകൾക്ക് അനുവദിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇവിടേക്ക് മാറാൻ താൽപര്യം ഉള്ള ഓഫീസുകൾ ഇവിടേക്ക് മാറ്റാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച സർക്കാർ ഓഫീസുകൾ ഒന്നുംതന്നെ ടി സ്ഥലം വേണ്ട എന്ന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടില്ല. ആയതിനാൽ റാന്നി മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ സ്ഥലം ഒഴിവില്ല. ടി വസ്തുതയാണ് മറ്റ് സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സം. റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുള്ള ഏതെങ്കിലും സർക്കാർ ഓഫീസുകൾ പ്രസ്തുത സ്ഥലം ആവശ്യമില്ല എന്ന് രേഖാമൂലം അറിയിക്കുന്നപക്ഷം മറ്റ് സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന ഘട്ടത്തിൽ ഇല്ലാതിരുന്നതും പിന്നീട് അനുവദിക്കപ്പെട്ടതുമായ ഓഫീസുകൾക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ സ്ഥലം അനുവദിച്ച് നൽകാൻ എന്തൊക്കെ നിബന്ധനകളാണ് ഉള്ളത്; വ്യക്തമാക്കുമോ? | (ഡി) | റാന്നി മിനി സിവിൽ സ്റ്റേഷനിൽ വിവിധ വകുപ്പുകളുടെ 21 ഓഫീസുകളും ഒരു കോൺഫറൻസ് ഹാളും അനുവദിച്ചിട്ടുള്ളതാണ്. ടി മുറികൾ ആവശ്യമില്ല എന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും രേഖാമൂലം അറിയിപ്പുകളൊന്നും നൽകിയിട്ടില്ലാത്തതാണ്. ഏതെങ്കിലും ഓഫീസുകൾ സ്ഥലം ആവശ്യമില്ല എന്ന് അറിയിക്കുന്നപക്ഷം, മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന ഘട്ടത്തിൽ ഇല്ലാതിരുന്നതും പിന്നീട് അനുവദിക്കപ്പെട്ടതുമായ ഓഫീസുകൾക്ക് സ്ഥലം നൽകുന്നതാണ്. മറ്റ് നിബന്ധനകളൊന്നും നിലവിലില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**